**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 4709**

**22.03.2018 - ൽ മറുപടിക്ക്.**

## വ്യവസായ രംഗത്തെ നിക്ഷേപങ്ങൾ

| ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം | | മറുപടി<br>ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
|---|---|---|
| (എ) | സംസ്ഥാനത്തെ വ്യവസായ രംഗത്ത് ഈ സർക്കാർ വന്നതിനുശേഷം വിദേശ നിക്ഷേപം സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്നും ഏതെല്ലാം സ്ഥാപനത്തിനെന്നും അറിയിക്കാമോ ; | (എ) : ഇല്ല. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് വ്യവസായ രംഗത്ത് സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള സ്വകാര്യ നിക്ഷേപം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) : ഇല്ല. |
| (സി) | ദേശിയ, വിദേശ നിക്ഷേപങ്ങൾ ലഭിക്കുന്നതിന് വേണ്ടി സർക്കാർ സ്വീകരിച്ച നയപരിപാടികളും നടപടിക്രമങ്ങളും വിശദമാക്കാമോ ? | (സി) : പ്രവാസി മലയാളികളുടെ നിക്ഷേപം കേരളത്തിലേക്ക് കൊണ്ടുവരുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നോർക്ക വകുപ്പ് മുഖേന "ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധരായവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്നതിനും മറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും പ്രസ്തുത സെന്റർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതിന് വിവിധ അനുമതികൾ നൽകുവാൻ ഒരു ഏകജാലക സംവിധാനമായി ഈ സെന്റർ പ്രവർത്തിക്കുന്നു. പ്രവാസി നിക്ഷേപം കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസന മേഖലയിൽ വിനിയോഗിക്കുന്നതിന് വേണ്ടി കിഫ്ബി പ്രവാസികൾക്കായി പ്രത്യേക ആകർഷതകളുള്ള ചിട്ടിക്ക് രൂപം കൊടുക്കുന്നുണ്ട്.<br>സംസ്ഥാനത്തിന് ദേശീയ, വിദേശ നിക്ഷേപം ആകർഷിക്കുന്നതിന് വേണ്ടി വിവിധങ്ങളായ നടപടികൾ വ്യവസായ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ദേശീയ-അന്തർദേശീയ തലങ്ങളിൽ സംഘടിപ്പിക്കുന്ന നിക്ഷേപക സംഗമങ്ങളിലും പ്രദർശനങ്ങളിലും പ്രസ്തുത സ്ഥാപനം കേരളത്തെ പ്രതിനിധികരിച്ച് പങ്കെടുക്കുന്നു. ഇതിലൂടെ കേരളത്തിലെ നിക്ഷേപ സാധ്യതകളെ ദേശീയ അന്തർദേശീയ തലത്തിലുള്ള നിക്ഷേപകരിലേക്ക് എത്തിക്കുന്നതിന് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.